**മൗറീഷ്യസ് പ്രസിഡന്റുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി (മാർച്ച് 11, 2025)**

മാർച്ച് 11, 2025

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് മൗറീഷ്യസ് പ്രസിഡന്റ് ശ്രീ. ധരംബീർ ഗോഖൂളിനെ അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിൽ സന്ദർശിച്ചു.

2. ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള സവിശേഷവും വളരെ അടുത്തതുമായ ഉഭയകക്ഷി ബന്ധം കൂടുതൽ ആഴത്തിലാക്കുന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഇരു നേതാക്കളും കൈമാറി.  ഈ സാഹചര്യത്തിൽ, ഇരു രാജ്യങ്ങളും തമ്മിലുള്ള പൊതുവായ ചരിത്രം നേതാക്കന്മാർ അനുസ്മരിക്കുകയും ജനങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ ശക്തമായ നിലനിൽപ്പിനെക്കുറിച്ച് പരാമർശിക്കുകയും ചെയ്തു.  രണ്ടാം തവണയും മൗറീഷ്യസിന്റെ ദേശീയ ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കാൻ കഴിഞ്ഞത് ഒരു ബഹുമതിയായി കാണുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.  പ്രസിഡന്റ് ഗോഖൂളിനും പ്രഥമ വനിത വൃന്ദ ഗോഖൂളിനും പ്രധാനമന്ത്രി OCI കാർഡുകൾ കൈമാറി.  ഇന്ത്യാ ഗവൺമെന്റുമായി സഹകരിച്ച് ഔദ്യോഗിക വസതിയിൽ നിർമ്മിച്ച ആയുർവേദ ഉദ്യാനവും പ്രധാനമന്ത്രി സന്ദർശിച്ചു.  ആയുർവേദം ഉൾപ്പെടെയുള്ള പരമ്പരാഗത വൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ മൗറീഷ്യസ് ഇന്ത്യയുടെ ഒരു പ്രധാന പങ്കാളിയാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

3. ചർച്ചകൾക്ക് ശേഷം, പ്രധാനമന്ത്രിയുടെ ബഹുമാനാർത്ഥം പ്രസിഡന്റ് ഗോഖൂൾ മദ്ധ്യാഹ്ന വിരുന്നൊരുക്കി.

പോർട്ട് ലൂയിസ്

മാർച്ച് 11, 2025